// മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## വാർത്താക്കുറിപ്പ്

**2023 ഫെബ്രുവരി 23**

---

## പ്രഭാഷണ പരമ്പരയ്ക്ക് ഇന്ന് തുടക്കം

ഉന്നത വിദ്യാഭ്യാസ മേഖലയിലെ അപകോളനീകരണം- ദക്ഷിണാഫ്രിക്കൻ അനുഭവങ്ങൾ എന്ന വിഷയത്തിൽ ദക്ഷിണാഫ്രിക്കയിലെ ഡർബൻ സാങ്കേതിക സർവകലാശാലയിലെ അധ്യാപകനായ പ്രഫ. ദശരഥ് ചെട്ടി മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഇന്ന് പ്രഭാഷണം നടത്തും.

സർവകലാശാലയിലെ സാമൂഹ്യ ശാസ്ത്ര പഠന കേന്ദ്രത്തിൻറെയും സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻറ് ഡവലപ്മെൻറ് സ്റ്റഡീസിൻറെയും സംയുക്താഭിമുഖ്യത്തിലുള്ള പ്രഭാഷണ പരന്പരയുടെ ഭാഗമായി  ഉച്ചകഴിഞ്ഞ് രണ്ടിന് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻറ് ഡവലപ്മെൻറ് സ്റ്റഡീസിലാണ് പരിപാടി.

(പി.ആർ.ഒ/39/217/2023)

## സ്കൂൾ ഓഫ് ഗാന്ധിയൻ സ്റ്റഡീസിൽ പി.ജി കോഴ്സുകൾക്ക് അപേക്ഷിക്കാം

എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെൻറ് സ്റ്റഡീസിൽ 2023 അധ്യായന വർഷത്തെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എം.എ ഗാന്ധിയൻ സ്റ്റഡീസ്, എം.എ ഡവലപ്മെൻറൽ സ്റ്റഡീസ് എന്നിവയാണ് കോഴ്സുകൾ.

ഗാന്ധിയൻ സ്റ്റഡീസിൽ ബിരുദാനന്തര ബിരുദ കോഴ്സുള്ള സംസ്ഥാനത്തെ ഏക സർവകലാശാലയാണിത്. ഗാന്ധിയൻ ദർശനങ്ങളെക്കുറിച്ചുള്ള പഠനത്തിനൊപ്പം വൈവിധ്യമാർന്ന ഇൻറർ ഡിസ്സിപ്ലിനറി വിഷയങ്ങളും ഈ കോഴ്സിൻറെ പ്രത്യേകതയാണ്.

പ്രായോഗിക സാമ്പത്തിക ശാസ്ത്രം, വികേന്ദ്രീകൃത ഭരണ സംവിധാനം,സോഷ്യൽ സ്റ്റാറ്റിസ്റ്റിക്സ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെട്ടതാണ് എം.എ ഡവലപ്മെൻറ് സ്റ്റഡീസ്.  എം

ജി സർവകലാശാലയിൽനിന്ന് ഇക്കണോമിക്സിന് തുല്യതാ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ഈ കോഴ്സിൽ സാമ്പത്തിക ശാസ്ത്രം,
രാഷ്ട്രതന്ത്രം, ചരിത്രം, വിദ്യാഭ്യാസം, സമൂഹശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്നു. ഉന്നത പഠനത്തിനും ജോലിക്കും ഏറെ സാധ്യതകളുണ്ട്.

ഏതെങ്കിലും വിഷയത്തിൽ 45 ശമാതനത്തിൽ കുറയാത്ത മാർക്കോടെ ബിരുദമാണ് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത. ഈ വർഷം അവസാന സെമസ്റ്റർ ബിരുദ പരീക്ഷ എഴുതുന്നവർക്കും അപേക്ഷ നൽകാം.

മെയ് ആറ്, ഏഴ് തീയതികളിൽ നടക്കുന്ന പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. ഓൺലൈനിൽ മാർച്ച് ഒന്നു വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കുന്നതിനും വിശദ വിവരങ്ങൾക്കും www.cat.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ/39/218/2023)

## വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാല സെനറ്റിലേക്ക് വിദ്യാർഥി പ്രതിനിധികളുടെ മണ്ഡലത്തിൽ നിന്നും നടത്തുന്ന തെരഞ്ഞെടുപ്പിൻറെ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. തെരഞ്ഞെടുപ്പ് വിജ്ഞാപനം മാർച്ച് രണ്ടിന് പുറപ്പെടുവിക്കും. മാർച്ച് 28നാണ് തെരഞ്ഞെടുപ്പ് .

(പി.ആർ.ഒ/39/219/2023)

## പരീക്ഷാ തീയതി

മൂന്നാം സെമെസ്റ്റർ എം.ബി.എ (2021 അഡ്മിഷൻ റഗുലർ, 2019, 2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ മാർച്ച് ഒന്നിന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/220/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളേജുകളുടെ അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി (2020 അഡ്മിഷൻ റഗുലർ, 2019,2018 അഡ്മിഷനുകൾ സപ്ലിമെൻററി), ത്രിവത്സര എൽ.എൽ.ബി (2017 അഡ്മിഷൻ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്), ഒൻപതാം സെമെസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി (2010 അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസ് (കോമൺ) പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് ഒന്നു വരെയും പിഴയോടു കൂടി മാർച്ച് രണ്ടിനും സൂപ്പർഫൈനോടു കൂടി മാർച്ച് മൂന്നിനും അപേക്ഷ സമർപ്പിക്കാം. വിശദവിവിരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................

മൂന്നാം സെമെസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.സി.ജെ, എം.എസ്.ഡബ്ല്യു, എം.ടി.എ, എം.എച്ച്.എം, എം.എം.എച്ച്, എം.ടി.ടി.എം (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് മാർച്ച് ഒന്നു മുതൽ ഏഴു വരെ അപേക്ഷ നൽകാം.

പിഴയോടു കൂടി മാർച്ച് എട്ടിനും ഒൻപതിനും സൂപ്പർഫൈനോടു കൂടി മാർച്ച് 10നും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/221/2023)

## പരീക്ഷാ ഫലം

രണ്ടാം സെമെസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.കോം എൽ.എൽ.ബി (ഓണേഴ്സ് - 2018 അഡ്മിഷൻ സപ്ലിമെൻററി), പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി (ഓണേഴ്സ്, 2015-2017 അഡ്മിഷൻ സപ്ലിമെൻററി, 2013-2014 അഡ്മിഷൻ സപ്ലിമെൻററി - ആഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം മാർച്ച് എട്ടു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

...........................

2022 ജനുവരിയിൽ നടത്തിയ മൂന്ന്, നാല് സെമെസ്റ്റർ എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ (2019-2021 അഡ്മിഷൻ - സെപ്റ്റംബർ 2021) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് പത്ത് വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/222/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**